# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند
(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

**തീയതി: 30/06/2017** **വിഷയം: സൽപെരുമാറ്റം**

وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ ۗ وَاللَّهُ يُحِبُّ الْمُحْسِنِينَ

﴿آل عمران : ١٣٤﴾

➢ ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ മൂന്ന് കാര്യങ്ങളാണ്. ഈമാൻ, ഇസ്‌ലാം ഇഹ്സാൻ. ഇവ മൂന്നിന്റെയും മേലാണ് ദീൻ എടുക്കപ്പെട്ടിരിക്കുന്നത്. പ്രസിദ്ധമായ ഹദീസ് ജിബ്‌രീൽ ഇതിന്റെ പ്രമാണമാണ്. ഈമാൻ, ഇസ്‌ലാം ഇഹ്സാനെ കുറിച്ച് ചോദിച്ചറിഞ്ഞശേഷം ജിബ്‌രീൽ പോയപ്പോൾ നബി (സ) പറഞ്ഞത് ഇപ്രകാരമാണ്.

عَنْ بْنِ عُمَرَ قَالَ رَسُول اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ذَاكَ جِبْرِيلُ أَتَاكُمْ يُعَلِّمُكُمْ دِينَكُمْ(متفق عليه)

ഇവിടെ ദീനായി പഠിപ്പിക്കുന്നത് മേൽ പറഞ്ഞ 3കാര്യങ്ങളാണ്.

➢ ഇവ ഇത്രമേൽ അടിസ്ഥാനമായതുകൊണ്ടാണ് പ്രാഥമിക മദ്റസകൾ മുതൽ ഇവ പഠിപ്പിക്കുന്നത്. ഇതിലെ ഈമാൻ ദീനിയ്യാത്തും ഇസ്‌ലാം അമലിയ്യാത്തും ഇഹ്സാൻ അഖ്‌ലാഖുമാണ്. (മദ്റസാ പഠനത്തിന്റെ അനിവാര്യത ഇവിടെ ചുരുക്കി പറയുക).

➢ ഈമാനും ഇസ്‌ലാമും നമുക്ക് പൊതുവെ പരിചയമുണ്ട്. എങ്കിൽ ഇഹ്സാൻ എന്താണ്? ഇഹ്സാൻ എന്നാൽ നല്ല സ്വഭാവ പെരുമാറ്റങ്ങളാണ്. ഇക്കാര്യം ഖുർആനിൽ നിന്നുതന്നെ മനസ്സിലാക്കാം. ഉദാ:

وَبِالْوَالِدَيْنِ إِحْسَانًا ۚ ﴿الإسراء:٢٣﴾

وَأَحْسِن كَمَا أَحْسَنَ اللَّهُ إِلَيْكَ ۖ ﴿قصص:٧٧﴾

ഇവിടെയെല്ലാം ഇഹ്സാൻ എന്നതിന്റെ ഉദ്ദേശ്യം നല്ല പെരുമാറ്റം എന്നാണ്.

➢ ഇഹ്സാനിന് രണ്ട് വശങ്ങളുണ്ട്. ഒന്ന്: അല്ലാഹുവിനോട് നല്ല വിധം സമീപിക്കൽ. അഥവാ അവനുവേണ്ടി ചെയ്യുന്ന ഇബാദത്തുക്കളെ നല്ലവിധം നിർവ്വഹിക്കൽ.

أَنْ تَعْبُدَ اللَّهَ كَأَنَّكَ تَرَاهُ فَإِنْ لَمْ تَكُنْ تَرَاهُ فَإِنَّهُ يَرَاكَ (بخاري)

ര ്: പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളോടും നല്ലവിധം പെരുമാറൽ.

عنْ أَبِي يَعْلَى شَدَّادِ بْنِ أَوْسٍ ، عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِنَّ اللَّهَ كَتَبَ الْإِحْسَانَ عَلَى كُلِّ شَيْءٍ ... رَوَاهُ مُسْلِمٌ

മനുഷ്യരോട്, ജീവജാലങ്ങളോട്, വൃക്ഷങ്ങളോട്, പുഴകളോട്, കാടിനോട്...

➢ ഇന്ന് ആരാധനകളെ മതം ആയി കാണുന്നവർ പക്ഷേ ഇത്തരം സൽപെരുമാറ്റങ്ങൾ മതത്തിന്റെ ഭാഗമായി കാണുന്നില്ല. എന്നാൽ ഇത് ഈമാനിന്റെ ഭാഗമാക്കി ഉയർത്തിയ മതമാണ് ഇസ്‌ലാം.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : الإِيمَانُ بِضْعٌ وَسَبْعُونَ شُعْبَةً، أَفْضَلُهَا لَا إِلَهَ إِلَّا اللَّهُ ، وَأَدْنَاهَا إِمَاطَةُ الأَذَى عَنِ الطَّرِيقِ ، وَالْحَيَاءُ شُعْبَةٌ مِنَ الإِيمَانِ (مسلم)

ഇവിടെ മനുഷ്യർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ നോക്കൽ ഈമാനിന്റെ ഭാഗമാണെന്ന് നബി (സ്വ) പഠിപ്പിക്കുന്നു. ഉദാ: വേസ്റ്റുകൾ. ഇന്ന് അടിച്ചുവാരിയത് അടുത്ത പുരയിടങ്ങളിൽ ഇടുന്നു. അറവു മാലിന്യം, കക്കൂസ് മാലിന്യം പോലും റോഡുവക്കിൽ തള്ളുന്നു. പുഴകളിൽ ഒഴുക്കുന്നു. ഇത് ഒരു മുസ്‌ലിം ചെയ്തുകൂടാ. കാരണം അത് മനുഷ്യന് പ്രയാസമുണ്ടാക്കും.

➢ മനുഷ്യന് പ്രയാസമുണ്ടാക്കുന്നതൊന്നും ചെയ്ത് കൂടാ. എത്രത്തോളമെന്നാൽ കോട്ടുവാ ഇടുമ്പോൾ വായ മറച്ചുപിടിക്കണമെന്നും ശബ്ദമുണ്ടാക്കരുതെന്നും നബി(സ്വ) പഠിപ്പിച്ചു.

عَنْ عَبْدِ اللَّهِ الْمَقْبُرِيِّ عَنْ أَبِيهِ قال(ص) إِذَا تَثَاءَبَ أَحَدُكُمْ فَلْيَضَعْ يَدَهُ عَلَى فِيهِ وَلَا يَعْوِي فَإِنَّ الشَّيْطَانَ يَضْحَكُ مِنْهُ (ابن ماجه)

عن أبي هريرة قال (ص) إِذَا تَثَاءَبَ أَحَدُكُمْ فَلَا يَقُلْ : هَاهْ هَاهْ فَإِنَّ ذَلِكُمْ مِنْ الشَّيْطَانِ يَضْحَكُ مِنْهُ (أبي داود)

മുറുക്കി തുപ്പൽ, മൂക്ക് ചീറ്റൽ, തുമ്മൽ, ഏമ്പക്കം തുടങ്ങിയവ യൊന്നും മറ്റുള്ളവർക്ക് ശല്യമാകും വിധം അരുത്. കാരണം അത് മനുഷ്യർക്ക് വെറുപ്പാകും.

➤ ആരാധനയുടെ പേരിൽ പോലും മനുഷ്യരെ ബുദ്ധിമുട്ടിക്കരുതെന്ന് ഇസ്‌ലാം.

ചരിത്രം: മുആദ് (റ) ഇശാ നിസ്കാരത്തിൽ വലിയ സൂറകൾ ഓതി നീട്ടിയപ്പോൾ പരാതി പറയപ്പെട്ടു. നബി(സ) പറഞ്ഞു.

يَا مُعَاذُ أَفَتَّانٌ أَنْتَ (مسلم)

ഉള്ളിയുടെ ദുർഗന്ധം അകറ്റാതെ ജമാഅത്തിന് വന്നുകൂടാ എന്ന് വിലക്കി. മനുഷ്യർക്ക് വിഷമമാകുന്നത് മലക്കുകൾക്കും വിഷമമാകും. പുകവലിയും മറ്റും ഇതു പോലെയാണ്

عَنْ جابِرِ عَنِ النَّبِيِّ (ص) قَالَ مَنْ أَكَلَ مِنْ هَذِهِ الْبَقْلَةِ الثُّومِ...فَلَا يَقْرَبَنَّ مَسْجِدَنَا فَإِنَّ الْمَلَائِكَةَ تَتَأَذَّى مِمَّا يَتَأَذَّى مِنْهُ بَنُو آدَمَ(مسلم)

കൂടാതെ ഇവ പലതും പരിസര മലിനീകരണത്തിന് കാരണമാകുന്നു. ഇതും ഇസ്‌ലാം എതിർക്കുന്ന കാര്യമാണ്.

ചുരുക്കത്തിൽ മനുഷ്യർക്ക് പ്രയാസമുണ്ടാക്കുന്ന എല്ലാം ഒഴിവാക്കൽ ഈമാനിന്റെ ഭാഗമാണ്.

➤ അല്ലാഹുവിന്റെ ഇഷ്ടക്കാരാകാനും ഈ സൽഗുണം അനിവാര്യമാണ്.

وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ ۗ وَاللَّهُ يُحِبُّ الْمُحْسِنِينَ

﴿آل عمران : ١٣٤﴾

عَنْ أَنَسٍ عَنِ النَّبِيِّ (ص) قَالَ إِذَا كَانَ يَوْمُ الْقِيَامَةِ نَادَى مُنَادٍ مَنْ كَانَ أَجْرُهُ عَلَى اللَّهِ فَلْيَدْخُلِ الْجَنَّةَ... فَيَقُومُ الْعَافُونَ عَنِ النَّاسِ يَدْخُلُونَ الْجَنَّةَ بِغَيْرِ حِسَابٍ (قرطبي)

(= ഖിയാമത്ത് നാളിൽ ഇപ്രകാരം വിളിച്ച് പറയപ്പെടും. അല്ലാഹു കൂലി നൽകാനുദ്ദേശിക്കുന്ന ചിലർ സ്വർഗ്ഗത്തിൽ പ്രവേശിക്കട്ടെ. അപ്പോൾ ജനങ്ങൾക്ക് മാപ്പ് നൽകിയവർ ഹിസാബില്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കും)

إِذَا كُنْتُ لَا أَعْفُو عَنِ الذَّنْبِ مِنْ أَخٍ
وَقُلْتُ أُكَافِيهِ فَأَيْنَ التَّفَاضُلُ
فإن أَقْطَعُ الإِخْوَانَ فِي كلِّ عُسْرَةٍ
بَقِيتُ وَحِيدًا لَيْسَ لِي مَنْ أُوَاصِلُ
وَلَكِنَّنِي أُغْضِي جُفُونِي عَلَى الْقَذَى
وَأَصْفَحُ عَمَّا رَابَنِي وأُجَامِلُ

(= സഹോദരനിൽ നിന്ന് ഉണ്ടാകുന്ന തെറ്റിന് ഞാൻ മാപ്പ് നൽകാതിരിക്കുകയും അവരോട് പകരം വീട്ടുകയും ചെയ്താൽ ഞാനും അവനും തമ്മിൽ എന്താണ് വ്യത്യാസം.
ഓരോ വിഷയത്തിലും ഓരോരുത്തരോടുമായി ബന്ധം വിഛേദിച്ചാൽ ഞാൻ ആരുമായി ബന്ധമില്ലാത്ത ഒറ്റയാനായി അവശേഷിക്കും.
അതുകൊണ്ട് കരടുകളെ ഞാൻ കാണാതിരിക്കുകയും എന്നോട് മോശമായി പെരുമാറുന്നവർക്ക് ഞാൻ മാപ്പുകൊടുക്കുക യും ചെയ്യും.)

ചുരുക്കത്തിൽ മതം എന്നാൽ മറ്റുള്ളവരോട് നല്ലവിധം പെരുമാറലാണ്. അതില്ലാതെ ആരാധനകൾ മാത്രം പൂർത്തിയാക്കിയാൽ മതം പൂർണ്ണമാവില്ല.

■